**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2552** **04-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം പ്രയോജനപ്പെടുത്തി നിക്ഷേപം നടത്തുവാൻ സന്നദ്ധരായിട്ടുള്ള നിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്;<br><br>സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം പ്രയോജനപ്പെടുത്തി നിക്ഷേപം നടത്തുവാൻ സന്നദ്ധരായിട്ടുള്ള നിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കിൻഫ്ര വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇൻഫർമേഷൻ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമോട്ടീവ്, ഇലക്ട്രോണിക്സ്, ഫുഡ് പ്രോസസിംഗ്, ടെക്സ്റ്റൈൽസ് എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ മൂലധനം ആകർഷിക്കാൻ ലക്ഷ്യമിട്ടുള്ള നിരവധി വ്യവസായ പാർക്കുകൾ, പ്രത്യേക സാമ്പത്തിക മേഖലകൾ (SEZ), നിക്ഷേപ മേഖലകൾ എന്നിവ വിജയകരമായി സ്ഥാപിച്ചു. കിൻഫ്രയുടെ സംരംഭങ്ങൾ ഫാർമസ്യൂട്ടിക്കൽസ്, ഇലക്ട്രോണിക്സ്, ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്ന കമ്പനികളിൽ നിന്ന് വൻതോതിൽ നിക്ഷേപം സമാഹരിച്ചിട്ടുണ്ട്. കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.യുടെയും പാട്ടവ്യവസ്ഥകൾ കാലോചിതമായും നിക്ഷേപ സൗഹൃദമായും ചട്ടഭേദഗതിയിലൂടെ പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, സാങ്കേതികവിദ്യ, നിർമ്മാണം, തുടങ്ങിയ മേഖലകളിൽ വളർന്നുവരുന്ന സംരംഭങ്ങൾക്ക് ഇൻകുബേഷൻ സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്ന സെഗ്മെന്റ് പാർക്കുകൾ പോലുള്ള സംവിധാനങ്ങളിലൂടെ സ്റ്റാർട്ടപ്പുകൾക്കും സംരംഭകത്വത്തിനും കിൻഫ്ര പിന്തുണ നൽകിവരുന്നു. ഏകജാലക ക്ലിയറൻസ്, അവശ്യ അടിസ്ഥാന സൗകര്യങ്ങൾ സേവനങ്ങൾ എന്നിവ |

| | | | |
|---|---|---|---|
| | | | നൽകിക്കൊണ്ട് നിക്ഷേപം സുഗമമാക്കുന്നതിൽ കിൻഫ്ര സുപ്രധാന പങ്ക് വഹിക്കുന്നു. |
| (ബി) | വ്യവസായ നിക്ഷേപം ആകർഷിക്കുന്നതോടൊപ്പം വ്യവസായ പാർക്കുകളുടെ പരിപാലനത്തിനും പാർക്കുകളിൽ ഹരിത പെരുമാറ്റ ചട്ടങ്ങൾ പാലിക്കുന്നതിനും സംസ്ഥാനം നടത്തുന്ന പരിശ്രമങ്ങൾക്ക് ദേശീയ പുരസ്കാരം ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ; | (ബി) | ലഭിച്ചിരുന്നു;<br><br>രാജ്യത്തെ വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റം പദ്ധതിയിൽ കിൻഫ്രയുടെ താഴെപ്പറയുന്ന 5 പാർക്കുകളാണ് മികവിന്റെ അടിസ്ഥാനത്തിൽ ദക്ഷിണ മേഖലയിൽ മുന്നിലെത്തിയത്:<br><br>1. കിൻഫ്ര ഹൈടെക് പാർക്ക് , കൊച്ചി<br>2. കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്<br>3. കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, കഴക്കൂട്ടം<br>4. കിൻഫ്ര സ്മോൾ ഇൻഡസ്ട്രീസ് പാർക്ക്, മഴുവന്നൂർ<br>5. കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട്<br><br>ഇന്ത്യയിലെ വ്യവസായ പാർക്കുകളിലെ ശുചിത്വവും മാലിന്യ സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കോമേഴ്സ് & ഇൻഡസ്ട്രി (FICCI) സംഘടിപ്പിച്ച "സ്വച്ഛ് ഇൻഡസ്ട്രി പാർക്ക്" അവാർഡിൽ കിൻഫ്രയുടെ പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്കും കളമശ്ശേരി ഹൈടെക് പാർക്കും പരിസ്ഥിതി സുസ്ഥിരതക്കും, ഇൻഫ്രാസ്ട്രക്ചർ വിഭാഗത്തിലും ജേതാക്കളായി. സംസ്ഥാന സർക്കാരുകളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഉടമസ്ഥതയിലുള്ളതും കുറഞ്ഞത് 100 ഏക്കർ വിസ്തീർണ്ണമുള്ളതും 50% എങ്കിലും അലോട്ട് ചെയ്തിട്ടുള്ളതുമായ വ്യവസായ പാർക്കുകളെയാണ് അവാർഡിനായി പരിഗണിച്ചത്. |
| (സി) | സംസ്ഥാനത്ത് പെട്രോ കെമിക്കൽ പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഈ പാർക്കിൽ ബി.പി.സി.എൽ. നിക്ഷേപ സന്നദ്ധത അറിയിച്ചിരുന്നോ; വിശദമാക്കുമോ? | (സി) | കൊച്ചി അമ്പലമുകളിൽ പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പാർക്കിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.) നിക്ഷേപ സന്നദ്ധത അറിയിച്ചിരുന്നു;<br><br>കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.എ.സി.ടി.) -ൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത 481.79 ഏക്കർ ഭൂമിയിലാണ് |

| | | | |
|---|---|---|---|
| | | | കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നത്. പ്രസ്തുത പാർക്കിലെ ആങ്കർ ഇൻവെസ്റ്ററായ ബി.പി.സി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കൊച്ചിൻ റിഫൈനറിയുടെ വിപുലീകരണവും അതുവഴി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പെട്രോകെമിക്കൽ വ്യവസായങ്ങളുടെ ഒരു ക്ലസ്റ്റർ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിച്ചിട്ടുള്ളത്. 481.79 ഏക്കറിൽ 170 ഏക്കറോളം സ്ഥലം കിൻഫ്ര ബി.പി.സി.എൽ.-ന് അനുവദിച്ചിട്ടുണ്ട്. നിലവിൽ 22 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ